ന്യൂനപക്ഷക്ഷേമ ഡയറക്ടറേറ്റ്
വികാസ് ഭവൻ, തിരുവനന്തപുരം
ടെലിഫോൺ-0471-2300523,24,2302090
ഇ-മെയിൽ-director.mwd@gmail.com
വെബ് സൈറ്റ്-www.minoritywelfare.kerala.gov.in

ഭരണ ഭാഷ-മാതൃഭാഷ

നം. MWD/428/2026-S തീയതി.07-11-2026

ഉറുദു ഭാഷയുടെ പ്രോത്സാഹനത്തിന്റെ ഭാഗമായി ഉറുദു ഒന്നാം ഭാഷയായെടുത്ത് എസ്.എസ്.എൽ.സി-യും/ഉറുദു രണ്ടാം ഭാഷയായെടുത്ത് പ്ലസ് ടു - വും പഠിച്ച് എല്ലാ വിഷയങ്ങൾക്കും എ+ നേടിയ വിദ്യാർത്ഥികൾക്കുള്ള ക്യാഷ് അവാർഡ് നൽകുന്നതിലേയ്ക്കായി 2026-27 സാമ്പത്തിക വർഷത്തെ "ഇബ്രാഹിം സുലൈമാൻ സേട്ടു ഉറുദു സ്കോളർഷിപ്പ് "അപേക്ഷ ക്ഷണിക്കുന്നു.

വിജ്ഞാപനം

ഉറുദു ഭാഷയുടെ പ്രോത്സാഹനത്തിന്റെ ഭാഗമായി സംസ്ഥാനത്ത് 2025-26 അദ്ധ്യയന വർഷത്തിൽ ഉറുദു ഒന്നാം ഭാഷയായെടുത്ത് എസ്.എസ്.എൽ.സി പരീക്ഷയിൽ എല്ലാ വിഷയങ്ങൾക്കും എ+ ഗ്രേഡ് നേടിയവർക്കും, ഉറുദു രണ്ടാം ഭാഷയായെടുത്ത് ഹയർ സെക്കന്ററി വിഭാഗത്തിൽ എല്ലാ വിഷയങ്ങൾക്കും എ+ നേടിയ വിദ്യാർത്ഥികൾക്കും ക്യാഷ് അവാർഡ് **(ഇബ്രാഹിം സുലൈമാൻ സേട്ടു ഉറുദു സ്കോളർഷിപ്പ്)** നൽകുന്നതിലേക്കായി സംസ്ഥാന ന്യൂനപക്ഷക്ഷേമ വകുപ്പ് അപേക്ഷ ക്ഷണിക്കുന്നു.

കേരളത്തിൽ പഠിക്കുന്ന സ്ഥിരതാമസക്കാരായ വിദ്യാർത്ഥികൾക്കാണ് സ്കോളർഷിപ്പ്. **1000/-രൂപയാണ് സ്കോളർഷിപ്പ് അവാർഡായി നൽകുന്നത്.**

മറ്റ് സ്കോളർഷിപ്പ് ലഭിക്കുന്നവർക്കും ഈ സ്കോളർഷിപ്പിന് അപേക്ഷിക്കാവുന്നതാണ്.

അപേക്ഷകർക്ക് ഏതെങ്കിലും ഷെഡ്യൂൾഡ്/കൊമേഴ്സ്യൽ ബാങ്കിൽ സ്വന്തം പേരിൽ അക്കൗണ്ട് ഉണ്ടായിരിക്കണം.

***www.mwdscholarship.kerala.gov.in*- എന്ന വെബ് സൈറ്റ് മുഖേന ഓൺലൈനായി അപേക്ഷിക്കാവുന്നതാണ്.**

ഓൺലൈൻ അപേക്ഷയുടെ ഫീൽഡുകൾ പൂർണമായി പൂരിപ്പിച്ച് നിർദ്ദിഷ്ട രേഖകൾ upload ചെയ്ത് പ്രിന്റ് ഔട്ടും അനുബന്ധ രേഖകളും **നിശ്ചിത തീയതിക്കുള്ളിൽ** വിദ്യാർത്ഥി മുൻപ് പഠിച്ചിരുന്ന സ്ഥാപനമേധാവിയ്ക്ക് സമർപ്പിച്ചിരിക്കണം.

കൂടുതൽ വിവരങ്ങൾ **0471-2300523, 0471-2300524** എന്നീ നമ്പറുകളിൽ ലഭ്യമാകുന്നതാണ്

അപേക്ഷിക്കേണ്ട രീതി:

1. *www.mwdscholarship.kerala.gov.in*–എന്ന വെബ് സൈറ്റിലെ "One-time registration"-ൽ ക്ലിക്ക് ചെയ്യുക
2. വെബ്സൈറ്റിൽ വിദ്യാർത്ഥിയുടെ പേര്, ആധാർ, ഫോൺ നമ്പർ തുടങ്ങിയ പ്രാഥമിക വിവരങ്ങൾ നൽകി രജിസ്റ്റർ ചെയ്ത ശേഷം ലോഗിൻ ചെയ്യുക.
3. വിദ്യാർത്ഥിയുടെ വ്യക്തി വിവരങ്ങൾ, ബാങ്ക് അക്കൗണ്ട്, സ്ഥാപനത്തിന്റെ വിവരങ്ങൾ എന്നിവ നൽകി പ്രൊഫൈൽ പൂർത്തിയാക്കുക. ശേഷം 'Add Qualification' മുഖേന മുൻകാല വിദ്യാഭ്യാസ യോഗ്യതകൾ ചേർക്കുക.
4. 'Apply For Scholarship' എന്നതിൽ ക്ലിക്ക് ചെയ്ത് സ്കോളർഷിപ്പ് തിരഞ്ഞെടുക്കുക.
5. Photo, Signature, SSLC certificate, Bank passbook എന്നിവ അപ്ലോഡ് ചെയ്ത് അപേക്ഷ സമർപ്പിക്കുക.
6. അപേക്ഷ സമർപ്പിച്ചതിനു ശേഷം 'Submitted Applications' **select** ചെയ്ത് അപേക്ഷയുടെ തൽസ്ഥിതി പരിശോധിക്കാവുന്നതാണ്.
7.

<u>അപേക്ഷകർ ഹാജരാക്കേണ്ട രേഖകൾ</u>

1. അപേക്ഷകരുടെ രജിസ്ട്രേഷൻ പ്രിന്റൗട്ട്.
2. എസ്.എസ്.എൽ.സി., പ്ലസ് ടു എന്നിവയുടെ മാർക്ക് ലിസ്റ്റിന്റെ പകർപ്പ്.
3. അപേക്ഷകരുടെ സ്വന്തം പേരിലുള്ള ബാങ്ക് പാസ്സ് ബുക്കിന്റെ ഒന്നാമത്തെ പേജിന്റെ പകർപ്പ്

(പേര്, അക്കൗണ്ട് നമ്പർ, ബ്രാഞ്ച് കോഡ്, ബ്രാഞ്ചിന്റെ അഡ്രസ്സ് എന്നിവ ഉൾപ്പെടുത്തിയിരിക്കണം).

<u>സ്ഥാപന മേധാവികളുടെ ശ്രദ്ധയ്ക്ക്</u>

1. അപേക്ഷകർ സമർപ്പിച്ചിരിക്കുന്ന രേഖകൾ സ്ഥാപനമേധാവിയോ അദ്ദേഹം ചുമതലപ്പെടുത്തിയിരിക്കുന്ന ഉദ്യോഗസ്ഥനോ ഓൺലൈനായി പരിശോധിക്കണം.
2. സൂക്ഷ്മ പരിശോധന പൂർത്തീകരിച്ച അപേക്ഷകൾ സ്ഥാപനമേധാവി ഓൺലൈൻ മുഖേന അംഗീകരിച്ചിരിക്കണം.
3. എല്ലാ രേഖകളുടെയും നിജസ്ഥിതി സ്ഥാപനമേധാവി ഉറപ്പു വരുത്തണം.
4. ബാങ്ക് അക്കൗണ്ട് സംബന്ധമായ രേഖകൾ (Account No, IFSC Code, Bank with Branch Name(latest)) ശരിയാണോ എന്ന് പ്രത്യേകം സ്ഥാപനമേധാവി പരിശോധിച്ച് ഉറപ്പ് വരുത്തണം. ഇതിൽ വീഴ്ച വരുത്തുന്നപക്ഷം വിദ്യാർത്ഥികളുടെ സ്കോളർഷിപ്പ് reject ആവുകയാണെങ്കിൽ വകുപ്പ് ഉത്തരവാദിയായിരിക്കുന്നതല്ല.
5. വിജ്ഞാപനത്തിലെ നിശ്ചിത തീയതിക്കകം സ്ഥാപനമേധാവി അപേക്ഷകളിൽ പരിശോധന നടത്തി അംഗീകരിച്ചിരിക്കണം. ഇതിൽ വീഴ്ച ഉണ്ടാകുന്ന പക്ഷം ആയതിൻെറ പൂർണ ഉത്തരവാദിത്വം സ്ഥാപന മേധാവിയ്ക്കായിരിക്കും.

1. **വിദ്യാർത്ഥികൾ ഓൺലൈനായി അപേക്ഷിക്കേണ്ട അവസാന തീയതി : 10.12.2026**

2. ഓൺലൈനായി രജിസ്ട്രേഷൻ പ്രിന്റൌട്ടും മറ്റു അനുബന്ധ രേഖകളും സ്ഥാപന മേധാവിയ്ക്ക് സമർപ്പിക്കേണ്ട അവസാന തീയതി : 12.12.2026
3. സ്ഥാപനമേധാവികൾ ടി അപേക്ഷകൾ സൂക്ഷ്മ പരിശോധന നടത്തി ഓൺലൈനായി അപ്രൂവൽ നൽകേണ്ട അവസാന തീയതി : 15.12.2026

Digitally signed by DEVIDAS N
Date: 07-11-2026 10:28:05

വിശ്വസ്തതയോടെ

DEVIDAS N IAS
DIRECTOR